**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1665 05/12/2014-ൽ മറുപടിയ്ക്ക്

## ഓരോ പഞ്ചായത്തിലും മാതൃകാ പച്ചക്കറിത്തോട്ടം

ചോദ്യം
ശ്രീ. സാജു പോൾ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;<br>ബി) ഇപ്രകാരം സംസ്ഥാനത്ത് എത്ര പച്ചക്കറിത്തോട്ടം ആരംഭിച്ചുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) & ബി) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ ഒരേക്കർ കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫലപുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചു കൊണ്ട് പുതിയ ചെറുകിട മാതൃക കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സംയോജിത മാതൃക കൃഷിത്തോട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | സി) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 10.02.2010-ലെ സ.ഉ(പി)39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാംമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗം, സുഗന്ധ വ്യജ്ഞനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. 2011-12 വർഷം ജൈവ കൃഷി വികസനത്തിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 450 ലക്ഷം |

രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-12 കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടു കൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമേ 2010-11 വർഷം ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് 2-ാം വർഷവും ജൈവ കൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉൽപ്പാദന കുറവുമൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി.

2012-ൽ കാസർഗോഡ് ജൈവ ജില്ലയായി പ്രഖ്യാപിച്ചു. ബോധവത്കരണം, ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി, ജൈവവള കമ്പോസ്റ്റ് നിർമ്മാണം, മാതൃക കൃഷിത്തോട്ട നിർമ്മാണം , പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നവീകരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. 2013-14, 2014-15 വർഷങ്ങളിലും മേൽപ്പറഞ്ഞ പരിപാടികൾക്കു പുറമേ ഇക്കോഷോപ്പ് വഴി ജൈവ ഉല്പന്ന വിപണനം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു.

സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ മാർ, ത്രിതല പഞ്ചായത്തു പ്രതിനിധികൾ, , കൃഷി അനുബന്ധ മേഖലാ വകുപ്പുകൾ എന്നിവരുടെ യോഗങ്ങളും ബോധവത്ക്കരണ കാമ്പയിനുകളും നടത്തി വരുന്നു. ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു.

കൂടാതെ ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധന സഹായത്തോടു കൂടി മുൻ വർഷങ്ങളിലെ പോലെ

2014-15 സാമ്പത്തിക വർഷത്തിലും വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ 8 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ താഴെ പറയുന്നു.

1. സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി ജൈവ കൃഷി രീതികൾ പരിചയപ്പെടുത്താനും ബോധവൽക്കരിക്കാനും വേണ്ടിയുള്ള മാനവ വികസനശേഷി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
2. 3136 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായി 14 ജില്ലകളിലും 627.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
3. 160 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികളുടെ ഉത്പാദനത്തിനായി 32 ലക്ഷം രൂപ നൽകുന്നു.
4. 25 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ ഉത്പാദിപ്പിക്കുവാൻ 62.68 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50,000 ഗുണമേൻമയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്യാൻ 5 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ